**II ഇ.ബി. XIII- കേരള നിയമസഭ/II-4**

## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ – സംഗ്രഹം

2011 സെപ്റ്റംബർ 29, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

**7 (*91) റോഡുകളുടെ സംരക്ഷണം ഉറപ്പാക്കാൻ നടപടി**

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്) നൽകിയ മറുപടിയിൽ, റോഡിന്റെ വശങ്ങളിലെ ഓടകളും കലുങ്കുകളും വൃത്തിയാക്കി മഴവെള്ളം ഒലിച്ചുപോകുന്നതിനുള്ള സാഹചര്യമുണ്ടാക്കുക, കുഴികളട യ്ക്കുക എന്നീ മഴക്കാല പൂർവ്വ പ്രവൃത്തികളും മഴക്കാലം മാറുമ്പോൾ കുഴികളടച്ച് ഉപരിതലം പുതുക്കുന്ന പ്രവൃത്തികളും നടത്തി റോഡുകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് പ്രോജക്ട്, കേരള റോഡ് ഫണ്ട് ബോർഡ് എന്നിവ മുഖേന അടുത്തകാലത്ത് നിർമ്മിച്ച റോഡു കളൊഴികെ മറ്റു റോഡുകളൊന്നും ഇൻഡ്യൻ റോഡ് കോൺഗ്രസ്സ് അനുശാസിക്കുന്ന നിലവാരത്തിൽ നിർമ്മിക്കുന്നവയല്ല എന്നതാണ് റോഡുകൾ തകരുന്നതിന്റെ പ്രധാന കാരണം. നിർമ്മാണ പ്രവൃത്തികളിലു ണ്ടാകുന്ന അപാകതകൾ പരിഹരിക്കുന്നതിന് അതാത് അസിസ്റ്റന്റ്

എഞ്ചിനീയർമാരുടെ ഉത്തരവാദിത്വത്തിലും മേൽനോട്ടത്തിലും നടപടികൾ സ്വീകരിക്കുന്നുണ്ട്. നിർമ്മാണ പ്രവർത്തനങ്ങളിലും അറ്റകുറ്റപ്പണികളിലും വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കുകയും കോൺട്രാക്ടർമാരെ ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തുകയും ചെയ്യുന്നതാണ്. നിർമ്മാണ പ്രവൃത്തി സംബന്ധിച്ച വിശദാംശങ്ങൾ ഫിനാൻസ് ഇൻസ്പെക്ഷൻ വിഭാഗത്തിലെ ചീഫ് ടെക്നിക്കൽ എക്സാമിനറെ അറിയിക്കുകയും അവർ മിന്നൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും സൈറ്റ് ഇൻസ്പെക്ഷൻ നടത്തി പ്രവൃത്തികളിലെ ന്യൂനതകൾ പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും പ്രവൃത്തിയുടെ ഗുണനിലവാരം ഉൾപ്പെടെയുള്ള കാര്യങ്ങൾ ചീഫ് എഞ്ചിനീയർ (നിരത്തു വിഭാഗം) വിലയിരുത്തുകയും ചെയ്യുന്നുണ്ട്. കെ.എച്ച്. ആർ. ഐ. (കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്) ജോയിന്റ് ഡയറക്ടറോട് പ്രവൃത്തികൾ പരിശോധിച്ച് ഗുണമേന്മ ഉറപ്പ് വരുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാന പൊതുമരാമത്തു വകുപ്പിനു കീഴിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി വർഷത്തിൽ ഏകദേശം 1442.00 കോടി രൂപയും പുതുതായി ഏറ്റെടുക്കുന്നതിന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള 8570 കി. മീ. ഗ്രാമീണ റോഡുകൾക്കായി 650 കോടി രൂപയുമാണ് ആവശ്യമുള്ളത്. ഈ വർഷം സംസ്ഥാന ബഡ്ജറ്റിൽ 470.00 കോടി രൂപ വകയിരുത്തിയതിനു പുറമേ ശബരിമല റോഡുകൾക്കായി 63.60 കോടി രൂപയും മരാമത്ത് വകുപ്പ് റോഡുകളുടെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി 314.50 കോടി രൂപയും ഉൾപ്പെടെ 848.10 കോടി രൂപയും സംസ്ഥാനത്തെ 5 കോർപ്പറേഷനുകളുടെ കീഴിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് മുഖേന

ഒറ്റത്തവണ മെയിന്റനൻസിനായി 157.96 കോടി രൂപയും ദേശീയപാതയുടെ അറ്റകുറ്റപ്പണികൾക്കായി 20.69 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ ഉൾക്കൊളളിച്ചിട്ടുളള 470 കോടി രൂപയുടെ പ്രവൃത്തികൾക്ക് 2010-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുളളതിനാൽ പ്രസ്തുത ഷെഡ്യൂൾ നിരക്കുകൾ പുതുക്കി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. ഗുണനിലവാരമുളള റോഡുകൾ നിർമ്മിക്കുന്നതിന് നൂതന സാങ്കേതികവിദ്യ രൂപപ്പെടുത്തുന്നതിനായി ഇന്ത്യയിലെ പ്രമുഖ ശാസ്ത്രജ്ഞരേയും സാങ്കേതിക വിദഗ്ദ്ധരെയും പങ്കെടുപ്പിച്ചുകൊണ്ട് 2011 നവംബർ 15,16,17 തീയതികളിൽ തിരുവനന്തപുരത്തുവച്ച് ഒരു വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നതാണ്. നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററുമായി ചേർന്ന് ഇ-ടെൻഡർ സംവിധാനം ശക്തിപ്പെടുത്തുന്നതാണ്. ജില്ലാ വികസന സമിതികളിൽ പങ്കെടുക്കണമെന്ന ഉത്തരവ് പാലിക്കാത്ത എക്സിക്യൂട്ടീവ് എൻജിനീയർമാരുടെ പേരിൽ നടപടി സ്വീകരിക്കും. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കെ.എസ്.ടി.പി. റോഡുകൾ പുനരുദ്ധരിക്കുന്നതാണ്. തലശ്ശേരി-കൂട്ടുപുഴ റോഡ് കെ.എസ്.ടി.പി.യുടെ രണ്ടാം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും കരമന-കളിയിക്കാവിള റോഡ് വീതികൂട്ടുന്നതുമായി ബന്ധപ്പെട്ട് അലൈൻമെന്റ് ഫിക്സ് ചെയ്യുന്ന കാര്യത്തിൽ ധാരാളം പരാതികളുണ്ടായ സാഹചര്യത്തിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രസ്തുത പ്രദേശങ്ങളിലെ ജനപ്രതിനിധികളുമായും മറ്റ് സംഘടനാ പ്രതിനിധികളുമായും ചർച്ച നടത്തി പരിഹാരമുണ്ടാക്കുന്നതാണെന്നും ഗവൺമെന്റിന്റെ നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി കോരപ്പുഴ പാലം പുതുക്കിപ്പണിയുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. നാഷണൽ ഹൈവേ വികസനത്തിന് സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്

കക്ഷിഭേദമെന്യെ കൂട്ടായി പ്രവർത്തിക്കേണ്ടതുണ്ടെന്നും സ്ഥലം ഉടമകൾക്ക് ന്യായമായ വിലയും മറ്റ് ആനുകൂല്യങ്ങളും നൽകി അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന തരത്തിലുള്ള ഒരു പാക്കേജ് കൊണ്ടുവരാനാണ് ഉദ്ദേശിക്കു ന്നതെന്നും മൺസൂൺകാലത്ത് റോഡുകൾക്കുണ്ടായ നാശനഷ്ടം പരിഹരി ക്കുന്നതിന് കേന്ദ്രസർക്കാരിനോട് 1000 കോടി രൂപ ധനസഹായം ആവശ്യപ്പെ ട്ടിട്ടുണ്ടെന്നും ഏതാണ്ട് 8000 കി.മീ. വില്ലേജ് റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുത്തിട്ടുണ്ടെന്നും മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുമാത്രമേ വില്ലേജ് റോഡുകൾ ഏറ്റെടുക്കുകയുള്ളൂവെന്നും അതിനെതിരെ പരാതിയുണ്ടെങ്കിൽ അത്തരം റോഡുകൾ തിരികെ ഏൽപ്പിക്കാൻ തയ്യാറാണെന്നും ഉപചോദ്യ ത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി അറിയിച്ചു.

**8(*92) <u>സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത</u>**

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ഒരു സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണെന്നും സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് മേഖലകളിൽ 143 എഞ്ചിനീയറിംഗ് കോളേജുകളും 62 പോളിടെക്നിക്കുകളും 39 ടെക്നിക്കൽ ഹൈസ്ക്കൂ ളുകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കുന്നതിലൂടെ പ്രസ്തുത കോളേജു കൾക്ക് അക്കാഡമിക് സ്വാതന്ത്ര്യം നൽകുകയും ഗവേഷണത്തിനുള്ള കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്നതാണ്. സർക്കാർ മേഖലയിലുള്ള 9 എൻജിനീയറിംഗ് കോളേജുകളെ കേന്ദ്രീകരിച്ചുകൊണ്ട് രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന ഈ സർവ്വകലാശാലയുടെ പരിധിയിൽ ഘട്ടം ഘട്ടമായി മുഴുവൻ എൻജിനീയറിംഗ് കോളേജുകളെയും കൊണ്ടുവരുന്ന

താണെന്നും ഇക്കാര്യത്തിൽ ഒരു എക്സ്പെർട്ട് കമ്മിറ്റിയുടെ അഭിപ്രായം തേടുന്നതാണെന്നും മന്ത്രി അറിയിച്ചു. കാലാനുസൃതമായ പുതിയ കോഴ്സുകൾ തുടങ്ങാനുള്ള ശ്രമം നടത്തുന്നതാണെന്നും സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ തട്ടിപ്പ് നടത്തുന്ന സ്ഥാപനങ്ങളെക്കുറിച്ച് ഔദ്യോഗികമായി വിവരം ലഭിച്ചാൽ ആവശ്യമായ നടപടി സ്വീകരിക്കുന്ന താണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി..

9 (* 93) <u>ഭൂമി ഏറ്റെടുക്കലും നഷ്ടപരിഹാരവും</u>

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, കേന്ദ്ര ഗവൺമെന്റിന്റെ 1894-ലെ ഭൂമി ഏറ്റെടുക്കൽ നയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ രൂപീകരിച്ച ചട്ടങ്ങളുടെ ഭാഗ മായാണ് സംസ്ഥാനത്ത് ഇപ്പോൾ ഭൂമി ഏറ്റെടുക്കുന്നതെന്ന് സഭയെ അറിയിച്ചു. ഭൂമി ഏറ്റെടുക്കുമ്പോൾ നൽകുന്ന നഷ്ടപരിഹാരം അപര്യാപ്ത മായതുകൊണ്ടും പുനരധിവാസത്തിന് വ്യവസ്ഥകളില്ലാത്തതിനാലും ഈ നയത്തിനെതിരെ പരാതി ഉയർന്നുവന്ന സാഹചര്യത്തിൽ വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് ഒരു സമഗ്ര പുനരധിവാസനയം രൂപീകരിക്കുന്ന കാര്യം പരിഗണിച്ചു വരികയാണ്. ഏറ്റെടുത്ത ഭൂമി നിർദ്ദിഷ്ട ആവശ്യത്തിന് ഉപയോഗിച്ചില്ലെങ്കിൽ തിരികെ ഏറ്റെടുക്കുക, ഭൂദാതാക്കൾക്ക് പദ്ധതിയുടെ ഓഹരി ഉടമകളാകാൻ അവസരം നൽകുക, ഭൂമി ഏറ്റെടുക്കൽ വിജ്ഞാപനം ഇറക്കുന്നതിന് മുമ്പ് ഭൂദാതാക്കളുമായി ചർച്ച നടത്തുക തുടങ്ങിയ കാര്യങ്ങൾ മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലുള്ള പുതിയ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ഭൂമി ഏറ്റെടുക്കുന്നതിനു മുമ്പ് ഒരു എൻവയോൺമെന്റൽ സ്റ്റഡി നടത്തുന്നതാണെന്നും ഭൂമി

ഏറ്റെടുത്ത് മൂന്ന് വർഷമായിട്ടും ഉപയോഗിക്കുന്നില്ലെങ്കിൽ അത് തിരിച്ചെടുക്കുമെന്നും തൃപ്തികരമായ കോമ്പൻസേഷൻ നൽകി ഭൂദാതാവിന്റെ താല്പര്യം സംരക്ഷിക്കുമെന്നും മന്ത്രി വ്യക്തമാക്കി. ലാന്റ് യൂട്ടിലിറ്റി ബാങ്ക് രൂപീകരിച്ച് അതിലേയ്ക്ക് ഭൂമി നൽകുമ്പോൾ ഇൻഫ്രാസ്ട്രക്ചർ ബോണ്ട് നൽകുന്നതുവഴി ഒരു ബാങ്ക് ഇൻവെസ്റ്റ്മെന്റ് പ്രോഗ്രാമാക്കി ഇതിനെ മാറ്റാൻ കഴിയുമെന്നും ഭൂമിയെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കുന്നതിന് ഒരു ഡാറ്റ ബാങ്ക് രൂപീകരിച്ചിട്ടുണ്ടെന്നും അതിനോടനുബന്ധിച്ച നോട്ടിഫിക്കേഷൻ ഇറക്കാനുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

10 (* 94) <u>അദ്ധ്യാപക പാക്കേജ്</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ മേഖലയിലെ നിയമനത്തിന് ശാസ്ത്രീയരീതി നടപ്പിലാക്കുന്നതിനും അധികാദ്ധ്യാപകരെ വിന്യസിക്കുന്നതിനും ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി എന്നിവരടങ്ങിയ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് (പാക്കേജ്) 10-08-2011-ൽ കൂടിയ മന്ത്രിസഭായോഗം തത്വത്തിൽ അംഗീകരിച്ചുവെന്നും വിദ്യാഭ്യാസ വകുപ്പുമന്ത്രി കൺവീനറായി രൂപീകരിച്ച ഉപസമിതി എയ്ഡഡ് സ്കൂൾ മാനേജ്മെന്റ് പ്രതിനിധികളുമായും അദ്ധ്യാപക സംഘടനകളുമായും രണ്ട് തവണ ചർച്ച നടത്തുകയുണ്ടായിയെന്നും 28-09-2011-ൽ കൂടിയ മന്ത്രിസഭായോഗം പാക്കേജിന് അംഗീകാരം നൽകിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ശമ്പളമില്ലാതെ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് നടപ്പ് അദ്ധ്യയനവർഷം മുതൽ അംഗീകാരം നൽകുക, 2010-2011 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയം തുടർന്നും നിലനിർത്തുക,

31-03-2011-നുശേഷം നിയമനം അനുവദിക്കാതിരിക്കുക, ഈ അക്കാദമിക് വർഷത്തിൽ നിയമിതരായവരെ ദിവസവേതനാടിസ്ഥാനത്തിൽ മാത്രം പരിഗണിക്കുക, വിദ്യാഭ്യാസ അവകാശ നിയമപ്രകാരം പ്രൈമറിതലത്തിൽ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:30 ആയും സെക്കണ്ടറി തലത്തിൽ 1:35 ആയും നിജപ്പെടുത്തുക, നിയമനവുമായി ബന്ധപ്പെട്ട അപ്പീലുകൾ സ്കൂൾതല മീറ്റിംഗുകൾ നടത്തി പരിഹരിക്കുക, സ്കൂളിൽ ഉണ്ടാകുന്ന ഒഴിവുകൾ 2920 അദ്ധ്യാപകരിൽനിന്നും നിയമിക്കുക, സീനിയോറിറ്റി പ്രകാരമുള്ള അവകാശികളെയും പ്രൊട്ടക്റ്റഡ് ടീച്ചറെയും ഇതിന് പരിഗണിക്കുക, ഹ്രസ്വകാല നിയമനത്തിന് നിയന്ത്രണം ഏർപ്പെടുത്തുക, എയ്ഡഡ് സ്കൂൾ പ്രഥമാദ്ധ്യാപകരെ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സ്മെന്റ് ഓഫീസർമാരാക്കുക, സ്കൂളുകളിലുണ്ടാകുന്ന ഒഴിവുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ പി.എസ്.സി. മാതൃകയിൽ നോട്ടിഫൈ ചെയ്യുക, നോട്ടിഫൈ ചെയ്ത ഒഴിവിലേയ്ക്ക് മാത്രം നിയമനം നടത്തുക, നിയമനം ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾ ബന്ധപ്പെട്ട സ്കൂളുകളിൽ അപേക്ഷ നൽകുക, 2011-12 മുതൽ ഏകദിന പരിശോധന അവസാനിപ്പിച്ച് യു.ഐ.ഡി. സിസ്റ്റം നടപ്പിലാക്കുക, ടീച്ചേഴ്സ് ബാങ്ക് രൂപീകരിക്കുകയും ടീച്ചേഴ്സ് ബാങ്കിലെ 10503 അദ്ധ്യാപകരെ നിശ്ചിത രീതിയിൽ പുനർവിന്യസിക്കുക, അദ്ധ്യാപക നിയമനത്തിന് റ്റി.ഇ.റ്റി നിർബന്ധമാക്കാൻ പി.എസ്.സി.യെ സമീപിക്കുകയും സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമനം PEDESK/RMSA മുഖേന നടത്തുകയും ചെയ്യുക, ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിന് കെ.ഇ.ആർ-ലെ ചട്ടത്തിൽ ഭേദഗതി വരുത്തുകയും ഇതിനുവേണ്ടി ഒരു ഐ.ടി. അധിഷ്ഠിത മെക്കാനിസം രൂപീകരിക്കുകയും ചെയ്യുക തുടങ്ങിയ

നിർദ്ദേശങ്ങളാണ് മന്ത്രിസഭാ ഉപസമിതി മുന്നോട്ടുവച്ചത്. ചർച്ചകളുടെ അടിസ്ഥാനത്തിൽ സംശയങ്ങൾ ദുരീകരിക്കപ്പെട്ടതിനെത്തുടർന്ന് ഇരുവിഭാഗവും പാക്കേജ് അംഗീകരിച്ചിട്ടുണ്ട്. മാനേജർമാരുടെ അഭിപ്രായംകൂടി പരിഗണിച്ചശേഷമാണ് പാക്കേജിന് അന്തിമരൂപം നൽകിയിട്ടുള്ളത്. മന്ത്രിസഭാ ഉപസമിതിയുടെ നിർദ്ദേശങ്ങളിൽ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുമ്പോൾ അധികമായി ലഭിക്കുന്ന തസ്തിക ഒന്നു മാത്രമാകുകയാണെങ്കിൽ അത് മാനേജർമാർക്കു നിയമിക്കാൻ അനുമതി വേണമെന്ന കാര്യത്തിൽ ധാരണയായിട്ടില്ലെന്ന് മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 874 മുതൽ 1199 വരെയുള്ള ചോദ്യങ്ങളിൽ 57 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)